**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **11-02-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് ഫിഷ് ലാൻഡിങ് സെൻറർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് അഴിമുഖത്തിനോട് അനുബന്ധിച്ച് പൂച്ചക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിങ് സെൻറർ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് നടത്തിയിട്ടുള്ളതിനാലും അഴീക്കോട് അഴിമുഖവുമായി ബന്ധപ്പെട്ട് ധാരാളം മത്സ്യബന്ധന തൊഴിലാളികളും മത്സ്യബന്ധന ബോട്ടുകളും പ്രവർത്തിക്കുന്നതിനാലും ഇവർക്ക് ഏറെ ആശ്വാസകരമായി മാറുന്ന ഫിഷ് ലാൻഡിങ് സെൻറർ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; | (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ നിലവിലുള്ള അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 20 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പദ്ധതി പ്രൊപ്പോസൽ പരിശോധിച്ചതിൽ കേന്ദ്ര സർക്കാർ ഏജൻസിയായ CICEF ന്റെ നിരീക്ഷണത്തിന് വിധേയമായി പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിൽ മറ്റ് പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ പരിഗണിക്കുന്നത് ഉറപ്പില്ലാത്തതിനാൽ വിവിധ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി 29.10 കോടി രൂപയുടെ അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പ്രൊപ്പോസൽ NABARD– RIDF XXX - പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതികൾക്ക് NABARD– RIDF XXX - ൽ അംഗീകാരം ലഭിച്ചില്ല. ആയതിനാൽ പദ്ധതി രൂപരേഖ പുതുക്കി NABARD – RIDF XXXI സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് നൽകാമോ? | (ബി) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ നിലവിലുള്ള അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 20 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പദ്ധതി പ്രൊപ്പോസൽ പരിശോധിച്ചതിൽ കേന്ദ്ര സർക്കാർ ഏജൻസിയായ CICEF ന്റെ നിരീക്ഷണത്തിന് വിധേയമായി പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിൽ മറ്റ് പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ പരിഗണിക്കുന്നത് ഉറപ്പില്ലാത്തതിനാൽ വിവിധ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി 29.10 കോടി രൂപയുടെ അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പ്രൊപ്പോസൽ NABARD– RIDF XXX - പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതികൾക്ക് NABARD– RIDF XXX - ൽ അംഗീകാരം ലഭിച്ചില്ല. ആയതിനാൽ പദ്ധതി രൂപരേഖ പുതുക്കി NABARD – RIDF XXXI സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ